അതൊക്കെ That is immaterial അതൊക്കെ നോക്കാം, അതൊക്കെ നിയന്ത്രണത്തിലാണ്, അമ്മാതിരി കാര്യങ്ങളിലൊന്നും അംഗങ്ങൾ ദയവുചെയ്ത് ഇടപെടരുത്. അതൊക്കെ നോക്കാം That is immaterial അതിൽ പ്രശ്നമില്ല. അതൊക്കെ നമ്മുടെ കൺട്രോളിലാണ്. വേറെയാർക്കും ഒന്നും ചെയ്യാൻ കഴിയുകയില്ല. പ്ലീസ് ശ്രീ. ടി.കെ.. പറഞ്ഞതുകൊണ്ടാണ് പറഞ്ഞത്, ഞാൻ അതാണ് സൂചിപ്പിച്ചത്. രണ്ടാം തീയതി നടന്ന സംഭവം, ഇന്ന്, അഞ്ചാം തീയതി സഭ സമ്മേളിക്കുന്നു എന്നുള്ളതുകൊണ്ടുമാത്രം ആ ഒരു ആസ് പെക്ട് വച്ചുകൊണ്ടാണ്, പ്രശ്നത്തിന്റെ ഗൗരവം കുറച്ചു കണ്ടതുകൊണ്ടല്ല. ദയവു ചെയ്ത് ക്ഷമിക്കുക, ഇവിടെ പ്രശ്നം ഒരു അടിയന്തിരപ്രമേയത്തിന്റെ സ്വഭാവത്തിൽ തന്നെ ഉന്നയിക്കണം എന്ന് (ബഹളം)... ഇവിടെ സൂചിപ്പിച്ചതുകൊണ്ടാണ്, പ്ലീസ്, പ്ലീസ് അതിൽ ചർച്ചയൊന്നും വേണ്ട, പ്ലീസ് ഹിയർ മി.... നോട്ടീസ് മെൻഷൻ ചെയ്യുന്നു.

II. അടിയന്തിരപ്രമേയം

കേരള സർവ്വകലാശാല ജീവനക്കാരുടെ പ്രകടനത്തോട് അനുബന്ധിച്ച് നടന്നതായി പറയപ്പെടുന്ന അക്രമസംഭവം

മി. സ്പീക്കർ : 2/7/'99 - ൽ കേരള സർവ്വകലാശാല ജീവനക്കാരുടെ പ്രകടനത്തിനുനേരെ എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. പ്രവർത്തകർ നടത്തിയതായി പറയപ്പെടുന്ന അക്രമത്തിൽ നിരവധി ജീവനക്കാർക്ക് ഗുരുതരമായി പരിക്കേറ്റതിനെത്തുടർന്ന് ഉണ്ടായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ബി. വിജയകുമാർ, ശ്രീ. കുട്ടി അഹമ്മദ് കുട്ടി, ശ്രീ. സി. എഫ്. തോമസ്, ശ്രീ. ജോണി നെല്ലൂർ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം അൻപത് അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) സ്പീക്കർ സർ, കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടന്ന ചില നിയമനങ്ങളിൽ ക്രമക്കേടുകൾ നടന്നു എന്ന ആരോപണത്തെ തുടർന്ന് യൂണിവേഴ്സിറ്റി അധികൃതരുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ നടപ്പിലാക്കിയില്ല എന്ന് ആരോപിച്ചുകൊണ്ട് യൂണിവേഴ്സിറ്റി ഐക്യവേദിയിൽപ്പെട്ട ചില ജീവനക്കാർ 24-6-99-ന് സിൻഡിക്കേറ്റ് യോഗം നടന്നുകൊണ്ടിരിക്കുന്ന ഹാളിലേയ്ക്ക് തള്ളിക്കയറി യോഗം അലങ്കോലപ്പെടുത്തി. ഇതു സംബന്ധിച്ച യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ പരാതിപ്രകാരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 56/309-ാം നമ്പരായി ഒരു കേസ്സ് രജിസ്റ്റർ ചെയ്തു. ഈ സംഭവവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി ജീവനക്കാരായ ശശികുമാർ, ദത്തൻ എന്നിവരെ സിൻഡിക്കേറ്റ് തീരുമാനപ്രകാരം സസ്പെൻഡ് ചെയ്തു. സസ്പെൻഷൻ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു വിഭാഗം ജീവനക്കാർ സ്റ്റേ ഇൻ സ്ട്രൈക്ക് ആരംഭിക്കുകയും 29/6/'99 - മുതൽ യൂണിവേഴ്സിറ്റി ആഫീസ് ക്യാമ്പസിനകത്ത് ധർണയും പ്രകടനവും നടത്തിവരികയുമാണ്.

സർ, 2/7/'99 ന് ഒരു വിഭാഗം ജീവനക്കാർ യൂണിവേഴ്സിറ്റി ആഫീസിന്റെ പ്രധാന കവാടത്തിന് മുന്നിലായി മുദ്രാവാക്യം വിളിച്ചുകൊണ്ടിരിക്കേ ഉദ്ദേശം 11 മണിയോടുകൂടി സമരംമൂലം വിദ്യാർത്ഥികൾ അനുഭവിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു സംഘം വിദ്യാർത്ഥികൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് അതുവഴി കടന്നുവന്നു. തുടർന്ന് ഇരു വിഭാഗവും തമ്മിൽ വാക്കേറ്റവും ഉന്തും തള്ളുമായി. അതിൽ ചില ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും പരിക്കേറ്റിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ജീവനക്കാരുടെ പരാതിയെ അടിസ്ഥാനമാക്കി ക്രൈം.90/99 നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കൂടാതെ പരിക്ക് പറ്റി ചികിത്സയിൽ കഴിയുന്ന സന്തോഷ് എന്ന വിദ്യാർത്ഥിയുടെ പരാതി പ്രകാരം ക്രൈം 90/99 നമ്പരായി മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. യൂണിവേഴ്സിറ്റി ഓഫീസ് പരിസരത്ത് സൂക്ഷിച്ചിരുന്ന 20 പൂച്ചെടികൾ നശിപ്പിക്കപ്പെട്ടതായി ആരോപിച്ചുകൊണ്ട് ഡെപ്യൂട്ടി രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ) നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം 91/99 നമ്പരായി സമരക്കാർക്കും വിദ്യാർത്ഥികൾക്കും എതിരെ മറ്റൊരു കേസ്സും കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. ഈ സംഭവുമായി ബന്ധപ്പെട്ട് സ്ഥലത്ത് ഇപ്പോൾ യാതൊരു ക്രമസമാധാന പ്രശ്നവും നിലവിലില്ല. ഓഫീസ് പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തിയവർ ആരായാലും അവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കും. സഭയുടെ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട സ്ഥിതി വിശേഷം ഉണ്ടെന്ന് തോന്നുന്നില്ല.

<u>ശ്രീ. ബി. വിജയകുമാർ</u> : സർ, കേരള സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന 5 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററുകളിലും 13 ബി.എഡ്. കേന്ദ്രങ്ങളിലുമായി 130-ഓളം പേരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ അനദ്ധ്യാപക ജീവനക്കാരായി സിൻഡിക്കേറ്റ് അംഗങ്ങൾ നിയമിച്ചിരിക്കുകയാണ്. യാതൊരു മാനദണ്ഡമോ വ്യവസ്ഥകളോ കൂടാതെയാണ് അവരെ ലാബ് അറ്റൻഡർ, പ്യൂൺ, വാച്ചർ, ടൈപ്പിസ്റ്റ്, ലൈബ്രേറിയൻ എന്നീ തസ്തികകളിൽ നിയമിച്ചിട്ടുള്ളത്. വിവിധ പോസ്റ്റുകൾക്കുവേണ്ട യോഗ്യത അനുസരിച്ച് ആളുകളെ നിയമിക്കുന്നതിന് പകരം ആളിനെ നിയമിച്ചിട്ട് അതനുസരിച്ച് യോഗ്യത നിർണ്ണയിക്കുന്ന ഒരു സംവിധാനമാണ് യൂണിവേഴ്സിറ്റിയിൽ നടത്തിക്കൊണ്ടിരുന്നത്. ഉദാഹരണത്തിന് ലൈബ്രേറിയന്റെ യോഗ്യത S.S.L.C with some experience in handling books. എന്നാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി രേഖകൾ പരിശോധിക്കണം. ഇങ്ങനെയാണ് 130-ഓളം പേരെ അവിടെ നിയമിച്ചിട്ടുള്ളത്. യൂണിവേഴ്സിറ്റിയിൽ നിയമാനുസൃതം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ മാത്രമാണ് നിയമനം നടത്തേണ്ടത്. ഈ ഒരു കേന്ദ്രത്തിലും യൂണിവേഴ്സിറ്റിയുടെ സ്ഥിരം ജീവനക്കാരില്ല.

സർ, മറ്റൊരു ഗുരുതരമായ പ്രശ്നം വൻ ഫീസ് പിരിക്കുന്ന ഈ കേന്ദ്രങ്ങളിൽ താൽക്കാലിക ജീവനക്കാരാണ് ക്യാഷ് കൈകാര്യം ചെയ്യുന്നത്. സ്ഥിരമായിട്ടുള്ള ഒരു ജീവനക്കാരൻ പോലും ഈ കേന്ദ്രത്തിലില്ല. ലക്ഷക്കണക്കിന് രൂപ താൽക്കാലിക ജീവനക്കാർ കൈകാര്യം ചെയ്യുന്നു. തിരിമറി നടക്കും. ആയതിനാൽ എല്ലാ കേന്ദ്രങ്ങളിലും യൂണിവേഴ്സിറ്റിയിലെ സ്ഥിരം ജീവനക്കാരെ നിയമിക്കണമെന്നും പിൻവാതിലിലൂടെയുള്ള നിയമനങ്ങൾ റദ്ദ് ചെയ്യണമെന്നും ജീവനക്കാർ നൽകിയിട്ടുള്ള അവകാശപത്രിക അംഗീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ജീവനക്കാർ 1999 മാർച്ച് 5-ാം തീയതി മുതൽ പണിമുടക്കിൽ ഏർപ്പെട്ടിരിക്കുന്നു. വൈസ് ചാൻസിലറും സിൻഡിക്കേറ്റ് അംഗങ്ങളും ഐക്യവേദി നേതാക്കളുമായുള്ള ചർച്ചയുടേയും

LIBRARY ARCHIVES Kerala Legislative Assembly

രേഖാമൂലമുള്ള ഉറപ്പിന്റേയും അടിസ്ഥാനത്തിൽ സമരം പിൻവലിച്ചു. എന്നാൽ മൂന്നുമാസം പിന്നിട്ടിട്ടും സിൻഡിക്കേറ്റ് ഉറപ്പു പാലിക്കാൻ തയ്യാറായില്ല. വൈസ് ചാൻസലർ ഒപ്പിട്ട് രേഖാമൂലം ജീവനക്കാർക്ക് എഴുതിക്കൊടുത്തു. അതിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ജീവനക്കാരുടെ സംഘടനയുമായി ആലോചിച്ച് ഇവരെ സ്ഥിരപ്പെടുത്തുകയില്ല എന്ന് വ്യക്തമായി എഴുതിക്കൊടുത്തിട്ടുണ്ട്. അങ്ങനെ വി.സി. രേഖാമൂലം എഴുതിക്കൊടുക്കുമ്പോൾ തന്നെ പിൻവാതിലിലൂടെ നിയമിച്ച ജീവനക്കാരുടെ പലരുടേയും ശമ്പളം വർദ്ധിപ്പിച്ചു. ഈ സാഹചര്യത്തിൽ 24-6-99-ൽ സിൻഡിക്കേറ്റ് യോഗത്തിന് മുന്നിൽ ഐക്യവേദി പ്രവർത്തകർ ധർണ നടത്തി. ധർണ നടത്താൻ കാരണം സിൻഡിക്കേറ്റിന്റെ കാലാവധി സെപ്റ്റംബറിൽ അവസാനിക്കും. പുതിയ സിൻഡിക്കേറ്റ് വന്നാൽ വീണ്ടും ഈ വിഷയം പഠിക്കാൻ സമയം ആവശ്യപ്പെടും. അതുകൊണ്ട് നിലവിലുള്ള സിൻഡിക്കേറ്റ് തന്നെ ഈ പ്രശ്നത്തിൽ തീരുമാനമെടുത്തില്ലെങ്കിൽ വീണ്ടും ഈ പിൻവാതിലിലൂടെയുള്ള നിയമനം അനിശ്ചിതമായി തുടരുമെന്നുള്ളതുകൊണ്ടാണ് ജീവനക്കാർ ധർണ നടത്താൻ തയ്യാറായി പോയത്. ധർണ നടത്തുന്നത് യൂണിവേഴ്സിറ്റിയിലെ ഒരു സ്ഥിരം സംവിധാനമാണ്. നിങ്ങൾക്കറിയാമല്ലോ വിളനിലം സമരം. വി.സി. ആയിരുന്ന വിളനിലത്തിനെതിരെ ആ ഓഫീസിൽ കയറി മാർക്സിസ്റ്റ് ആഭിമുഖ്യമുള്ള സംഘടനാ പ്രവർത്തകർ എന്തൊക്കെയാണ് കാട്ടികൂട്ടിയത്? എസ്.എഫ്.ഐ.ക്കാർ എന്തൊക്കെയാണ് കാട്ടിക്കൂട്ടിയത്. ഇന്നും സർവ്വകലാശാലയുടെ മുന്നിൽ രണ്ട് ജീപ്പ് മുമ്പ് കത്തിച്ചത് കിടപ്പുണ്ട്. എ. സുകുമാരൻ നായർ പ്രൊ. വൈസ് ചാൻസലർ ആയിരുന്ന കാലത്ത് ശമ്പളം കൊടുക്കാൻ ചെക്ക് മാറിയില്ലെന്ന കാരണത്താൽ വി.സി. യുടെ ഓഫീസിൽ കടന്നു കയറി ആ ഓഫീസ് മുഴുവൻ അടിച്ചു തകർത്തു. ഇപ്പോൾ സമരത്തിൽ ഏർപ്പെട്ട 2 സംഘടനാ നേതാക്കളെ സസ്പെന്റ് ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു ഒരാൾ ഭരതനാണെന്ന്. ഭരതൻ അല്ല. സി.പി.ഐ. ആഭിമുഖ്യത്തിലുള്ള യൂണിവേഴ്സിറ്റി സ്റ്റാഫ് അസോസിയേഷന്റെ നേതാവ് ശ്രീ. ദത്തൻ, കോൺഗ്രസ്സിന്റെ സ്റ്റാഫ് യൂണിയന്റെ നേതാവ് ശ്രീ. ആർ.എസ്. ശശികുമാർ, ഇവരെ രണ്ടുപേരെ സസ്പെന്റ് ചെയ്തു. യൂണിവേഴ്സിറ്റിയിൽ കേട്ടുകേഴ്വിയില്ലാത്ത കാര്യമാണ്. ആ സസ്പെൻഷനെ തുടർന്ന് ജീവനക്കാർ stay in strike ആരംഭിച്ചു. അവർ രാവിലെയും വൈകുന്നേരവും ധർണ നടത്തും. അവർ മുദ്രാവാക്യം വിളിക്കും. അങ്ങനെ 2-ാം തീയതി വെള്ളിയാഴ്ച കൂടിയ യൂണിവേഴ്സിറ്റി സെനറ്റ് ബഹളംമൂലം അഡ്ജേൺ ചെയ്ത് സെനറ്റ് അംഗങ്ങൾ പുറത്ത് വന്നുകൊണ്ടിരുന്നപ്പോൾ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗമായ വിദ്യാർത്ഥി പ്രതിനിധി ശ്രീ. ദീപക്, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ ശ്രീ. സുനിൽ, എസ്.എഫ്.ഐ. ജില്ലാ സെക്രട്ടറിയും മുൻ യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനുമായ ശ്രീ. പ്രതാപ് ചന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ 25-ഓളം എസ്.എഫ്.ഐ. ക്കാരും ഗുണ്ടകളും യൂണിവേഴ്സിറ്റി ഓഫീസിൽ തള്ളിക്കയറി ആക്രമണം നടത്തി. തെളിവിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് എങ്ങും പോകേണ്ടതില്ല. അന്ന് വൈകുന്നേരം ഇറങ്ങിയ രാഷ്ട്രദീപികയിൽ ശ്രീ. പ്രതാപൻ, ശ്രീ. സുനിൽ, ശ്രീ. ദീപക് എന്നിവർ പുച്ചട്ടി എടുത്ത് എറിയുന്നത് വളരെ വ്യക്തമായി കാണാം. സ്ത്രീകളെ ഓടിക്കുന്നതും ഈ രാഷ്ട്രദീപികയിൽ ഉണ്ട്. കന്റോൺമെന്റ് അഡീഷണൽ എസ്.ഐ. ശശിധരൻ നായരുടെ നേതൃത്വത്തിൽ 25-ാ ഓളം പോലീസുകാർ നോക്കിനിൽക്കയാണ് ഈ ചെടിച്ചട്ടികൾ എടുത്ത് ജീവനക്കാരെ ആക്രമിച്ചത്. വനിതകളെ ആക്രമി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന പതിവ് എവിടെയെങ്കിലുമുണ്ടോ? പ്രസന്ന എന്ന വനിതയ്ക്ക് മാരകമായി മുറിവേറ്റു. മാരകമായി മുറിവേറ്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ 321-ാം നമ്പർ മുറിയിൽ കിടക്കുന്നു. അവരെ ഇന്നലെ സ്കാൻ ചെയ്തു. മറ്റ് നിരവധി ജീവനക്കാർ അടികൊണ്ട് ആശുപത്രിയിലായി. എന്താണ് ഇതിന് കാരണം? ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കണം. കഴിഞ്ഞ 20 വർഷത്തോളമായി ജീവനക്കാരുടെ പ്രതിനിധിയായി സെനറ്റിൽ വന്നിരുന്നത് മാർക്സിസ്റ്റുകാരാണ്. ചരിത്രത്തിലാദ്യമായി സി.പി.ഐ. യിലേയും കോൺഗ്രസ്സിലേയും ജീവനക്കാർ ഒന്നിച്ച് നിന്നതിന്റെ ഫലമായി മാർക്സിസ്റ്റുകാരെ പരാജയപ്പെടുത്തിക്കൊണ്ട് സി.പി.ഐ. യുടെ പ്രതിനിധി ശ്രീ. ദത്തൻ യൂണിവേഴ്സിറ്റി സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. അതാണ് കാരണം. അതിന് എതിർകക്ഷികളെ വകവരുത്തുക. ശ്രീ. ദത്തനേയും ശ്രീ. ശശികുമാറിനേയും കൊലപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ ഗുണ്ടകൾ യൂണിവേഴ്സിറ്റി ഓഫീസിൽ കടന്നുകയറിയത്. പുറത്തുനിന്നുള്ള ഗുണ്ടകൾ സർക്കാർ ഓഫീസിൽ കയറി ആക്രമിച്ച് അവരെ കൊലപ്പെടുത്താൻ തുടങ്ങിയാൽ ഏതെങ്കിലും ജീവനക്കാർ സർക്കാർ സർവ്വീസിൽ ജോലി ചെയ്യാൻ തയ്യാറാകുമോ? അതാണ് ഇന്ന് കേരള യൂണിവേഴ്സിറ്റിയിൽ ഉണ്ടായിരിക്കുന്നത്. ജീവനക്കാർ ജോലി ചെയ്യാൻ തയ്യാറല്ല. എന്താണ്? അവരെ കൊലപ്പെടുത്താൻ ശ്രമിക്കുന്നു. ദത്തനേയും ശശികുമാറിനേയും ആണ് കൊലപ്പെടുത്താൻ പോയത്. എന്നിട്ട് ഭദ്രന്റേയും ശശികുമാറിന്റേയും പേരിൽ കേസെടുത്തിരിക്കുന്നു. ആരെയാണോ കൊല്ലാൻ പോയത് വാദിയുടെ പേരിൽ കേസ്സെടുത്തിരിക്കുന്നു. ചെടിച്ചട്ടിയടക്കം എടുത്ത് അടിച്ച് മാരകമായി പരിക്കേറ്റവരുടെ പേരിൽ നിസ്സാരമായ ഒരു കേസ്സെടുത്തു. ചെടിച്ചട്ടി പൊട്ടിച്ചതിന് കേസ്സ് എടുത്തിരിക്കുന്നു. ഈ ഗുണ്ടാവിളയാട്ടം നടത്തി സ്ത്രീകളെ ആക്രമിച്ചവർക്കെതിരെ നിസ്സാരമായ ഒരു കേസ്സെടുത്തു. ഇത് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് മാത്രമല്ല ഭരണ കക്ഷിക്ക് ഭൂരിപക്ഷമുള്ള ഒരു നിയമസഭാ സമിതിയെക്കൊണ്ട് ഇത് അന്വേഷിക്കണം അല്ലെങ്കിൽ ഒരു ജുഡീഷ്യൽ അന്വേഷണം വേണം. രണ്ട് ജീവനക്കാരെ ആക്രമിച്ച് മാരകമായി മുറിവേൽപ്പിച്ച ഒന്നാം പ്രതി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പർ ശ്രീ. ദീപകിന്റെ പേരിൽ കൊലക്കുറ്റത്തിന് കേസ്സെടുക്കണം.

സർ, അതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് കൊടുക്കേണ്ട ഇഷ്യൂ ഉണ്ട്. അവരുടെ മൈഗ്രേഷൻ സർട്ടിഫിക്കറ്റുകൾ, റെക്കഗ്നിഷൻ സർട്ടിഫിക്കറ്റുകൾ, ഇതൊക്കെ ഇഷ്യൂ ചെയ്യേണ്ട സമയമാണ്. ബി.എ. യുടെ റിസൾട്ട് വരേണ്ട സമയമാണ്. അതുകൊണ്ട് അടിയന്തിരമായി ജീവനക്കാരുടെ സമരം അവസാനിപ്പിച്ച് ഇതിനെതിരായി ശക്തമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ജീവനക്കാർക്ക് സർക്കാർ ഓഫീസിൽ പോയി ജോലി ചെയ്യാൻ നിവൃത്തിയില്ലാത്ത ഈ ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഒരു വിഭാഗം ജീവനക്കാരുടെ സ്റ്റേ ഇൻ സ്ട്രൈക്കുകൊണ്ട് പല വിദ്യാർത്ഥികളും രക്ഷാകർത്താക്കളും ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. കോളേജ് അഡ്മിഷൻ സമയമായതുകൊണ്ട് വിദ്യാർത്ഥികൾക്ക് അത്യാവശ്യം ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭിക്കാതെ വന്നതിനാൽ പ്രകോപിതരായ വിദ്യാർത്ഥികൾ പ്രതിഷേധിച്ച് പ്രകടനം നടത്തിയതിനെത്തുടർന്ന് സമരത്തിലേർപ്പെട്ടിരുന്ന ജീവനക്കാരും

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളും തമ്മിൽ വാക്കേറ്റവും ഉന്തും തള്ളും ഉണ്ടായി. പോലീസ് ഇടപെട്ട് സ്ഥിതിഗതികൾ ശാന്തമായിട്ടുണ്ട്. ഇതു സംബന്ധിച്ച് ലഭിച്ച എല്ലാ പരാതികളിൻമേലും കേസ്സ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. സസ്പെന്റ് ചെയ്യപ്പെട്ട യൂണിവേഴ്സിറ്റി ജീവനക്കാരുടെ പേരുകൾ ശശികുമാർ, ദത്തൻ എന്നാണ്. ഭരതൻ എന്നു പറഞ്ഞത് ശരിയല്ല. ദത്തൻ എന്ന് തിരുത്തണം.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

ശ്രീ. എ.കെ. ആന്റണി : സർ, കേരളത്തിന്റെ തലസ്ഥാനനഗരിയിൽ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഉയർന്ന പോലീസുദ്യോഗസ്ഥന്മാരുടെയുമെല്ലാം മൂക്കിന് താഴെയുള്ള കേരള യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടന്ന അക്രമപ്രവർത്തനങ്ങളെക്കുറിച്ച് വളരെ ലാഘവബുദ്ധിയോടുകൂടിയുള്ള ഒരു മറുപടിയാണ് മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത്. മാത്രമല്ല, മുഖ്യമന്ത്രിയുടെ മറുപടിയിൽ അക്രമപ്രവർത്തനങ്ങളെ പരോക്ഷമായി ന്യായീകരിക്കുന്ന നിലയിലാണ് പരാമർശനങ്ങൾ വന്നിരിക്കുന്നത്. വിദ്യാർത്ഥികൾ പ്രകോപിതരാകാൻ മതിയായ കാരണങ്ങളുള്ളതുകൊണ്ട് വിദ്യാർത്ഥികൾ പ്രകോപിതരായി എന്ന അർത്ഥം വരത്തക്കനിലയിലാണ് മുഖ്യമന്ത്രി മറുപടി പറഞ്ഞത്. അക്രമപ്രവർത്തനത്തെകർക്കശമായി അലപലിക്കുന്നതിനുപകരം അക്രമ പ്രവർത്തനങ്ങൾ തുടർന്നും നടത്താൻ പച്ചക്കൊടി കാണിക്കുന്ന തരത്തിലുള്ള ഒരു പ്രസ്താവനയാണ് മുഖ്യമന്ത്രി സഭയിൽ നടത്തിയതെന്നുള്ളത് നിർഭാഗ്യകരമായിപ്പോയി. കഴിഞ്ഞയാഴ്ച നമ്മൾ ഈ നിയമസഭയിൽ ഒരു അടിയന്തിരപ്രമേയം ചർച്ചചെയ്തു. അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ സംഭവം ഇവിടെ ചർച്ച ചെയ്തു. അവിടെയും പോലീസ് നോക്കി നിൽക്കെ, പോലീസ് കാഴ്ചക്കാരായി നിൽക്കെ ഒരു വിഭാഗം മാർക്സിസ്റ്റുപ്രവർത്തകർ അക്രമമുണ്ടാക്കി. ഇവിടെയും അതുതന്നെയാണ് ഉണ്ടായത്. 25-ഓളം പോലീസുകാർ അവിടെ കാഴ്ചക്കാരായി നോക്കി നിൽക്കെ എസ്.എഫ്.ഐ.യുടെ ഒരു സംഘം പ്രവർത്തകൻമാർ വന്ന് വനിതാ ജീവനക്കാരടക്കമുള്ള യൂണിവേഴ്സിറ്റി ജീവനക്കാരെ കഠിനമായി മർദ്ദിച്ചു. ഇത് കേരളത്തിൽ വളർന്നുവരുന്ന ഒരു പുതിയതരം കണക്കുതീർക്കലിന്റെ ഒടുവിലത്തെ ഉദാഹരണമാണ്. മാർക്സിസ്റ്റുപാർട്ടിക്കോ, മാർക്സിസ്റ്റു പാർട്ടിയുടെ പോഷകസംഘടനയ്ക്കോ, മാർക്സിസ്റ്റുപാർട്ടി പ്രവർത്തകർക്കോ സഹയാത്രികർക്കോ ആരോടെങ്കിലും എന്തെങ്കിലുമൊരു പ്രശ്നത്തിൽ വാശി വന്നാൽ, വൈരാഗ്യം വന്നാൽ അല്ലെങ്കിൽ അവരുടെ അഭിപ്രായത്തിൽ അവരോട് ആരെങ്കിലും അനീതി ചെയ്താൽ അതിന് പരിഹാരമുണ്ടാക്കേണ്ടത് കോടതിയല്ല, പോലീസ് അല്ല, മറിച്ച് നിയമം കൈയ്യിലെടുത്തുകൊണ്ട് പാർട്ടി പ്രവർത്തകരെ തന്നെ എതിരാളികളെ കൈയേറ്റം ചെയ്യുന്ന സമ്പ്രദായം കേരളത്തിൽ വർദ്ധിച്ചുവരികയാണ്. ഇത് ഒന്നും രണ്ടും അല്ല. പഞ്ചായത്തുകളിൽ പുത്തിഗെ ഉൾപ്പെടെയുള്ള പഞ്ചായത്തുകളിൽ നൂറുകണക്കിന് പഞ്ചായത്തുകളിൽ, സഹകരണസംഘങ്ങളിൽ, വസ്തു തർക്കങ്ങളിൽ, വ്യാപാരി -വ്യാവസായിയുമായുള്ള സംഘട്ടനങ്ങളിലെല്ലാം ഒരു ഭാഗത്ത് മാർക്സിസ്റ്റുപാർട്ടി പ്രവർത്തകരാണെങ്കിൽ അവർക്ക് എന്തെങ്കിലും പരാതിയുണ്ടായാൽ അവിടെ പോലീസിനുപകരം പെട്ടെന്ന് ഒരു സംഘം പ്രവർത്തകരെ കൊണ്ടുവന്ന് എതിരാളികളെ ആക്രമിക്കുകയെന്നുള്ള ഒരു പാറ്റേൺ വർദ്ധിച്ചുവരുന്നു. ഇത് അവസാനിപ്പിക്കാത്തതിന് കാരണം ഇന്നത്തെ മുഖ്യമന്ത്രിയുടെ മറുപടിപോ

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള നിങ്ങളുടെ സമീപനമാണ് . കുറ്റക്കാരെ കുറ്റക്കാരായി കാണുന്നതിനുപ കരം അവരുടെ ഭാഗത്ത് ന്യായം കണ്ടെത്തുന്ന വാദമുഖങ്ങൾ നിരത്തുന്ന മുഖ്യമന്ത്രിയുടെയും ഗവണ്മെന്റിന്റെയും സമീപനം മൂലമാണ് കേരളത്തിലുട നീളം നിയമവാഴ്ച തകർത്തതുകൊണ്ട് മാർക്സിസ്റ്റു പ്രവർത്തകർ നിയമം കൈയിലെടുക്കുന്ന സമ്പ്രദായമുണ്ടായത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പറഞ്ഞു, ഓഫീസുകൾ സമാധാനപരമായി നടക്കണം, ഓഫീസിൽ കയറി തടസ്സമുണ്ടാക്കാൻ ഈ ഗവണ്മെന്റ് അനുവദിക്കുകയില്ലെന്ന്. കഴിഞ്ഞ കാല ങ്ങളിൽ സംസ്ഥാനത്തെ സെക്രട്ടേറിയറ്റ് ഉൾപ്പെടെ സർവ്വകലാശാലകൾ ഉൾപ്പെടെ, ഈ രാജ്യത്തെ സർക്കാർ ഓഫീസുകൾ മുഴുവൻ ആഴ്ചകളോളം കലാപകേന്ദ്രങ്ങളാക്കിയതിന് നേതൃത്വം കൊടുത്ത അങ്ങുതന്നെ ഇത് പറ യണം. മറ്റാരെങ്കിലും ഇത് പറഞ്ഞാൽ ശരിയാവുകയില്ല. എന്താണ് വിളനിലം സമരകാലത്തുണ്ടായത്? എത്ര മാസം കേരള യൂണിവേഴ്സിറ്റി ഓഫീസ് സ്തംഭിച്ചു, കോളേജുകൾ സ്തംഭിച്ചു, എത്ര ലക്ഷം രൂപയുടെ പ്രോപ്പർട്ടീസ് ഈ സംസ്ഥാനത്ത് നശിപ്പിച്ചു. പ്രീ-ഡിഗ്രി സമരത്തിൽ എന്തുണ്ടായി? ഇതു പോലെ ഈ സംസ്ഥനത്തുടനീളം ഇത്രയും അക്രമങ്ങൾക്ക് നേതൃത്വം നൽകിയ നിങ്ങൾക്ക് അവിടെ ഒരു വിഭാഗം വിദ്യാർത്ഥികൾ നടത്തിയ അക്ര മത്തെ ന്യായീകരിക്കുന്നു. ഞാൻ ചോദിക്കട്ടെ, ഇത് രാഷ്ട്രീയമാണോ? അങ്ങ യുടെ അടുത്തിരിക്കുന്ന ശ്രീ. ചന്ദ്രശേഖരൻ നായരോട് ചോദിക്കൂ. ശ്രീ. ചന്ദ്ര ശേഖരൻ നായരുടെ പാർട്ടിക്കാർ, സി.പി.ഐ. ക്കാരുൾപ്പെടെ ആയിരക്കണ ക്കിന് പ്രവർത്തകരാണ് ഇതിനെതിരെ അവിടെ ശനിയാഴ്ച പ്രതിഷേധം നട ത്തിയത്. ജോയിന്റ് കൗൺസിൽ നേതാക്കന്മാരുൾപ്പെടെയുള്ളവർ പ്രതിഷേധം നടത്തി. ഇത് രാഷ്ട്രീയമാണോ? ഇത് രാഷ്ട്രത്തിന്റെ പ്രശ്നമല്ല. രാഷ്ട്രീയ മായിരുന്നുവെങ്കിൽ, ഇത് പ്രതിപക്ഷ സമരമായിരുന്നുവെങ്കിൽ സി.പി.ഐ. യുടെ സർവ്വീസ് സംഘടനകൾ അവിടെ പ്രതിഷേധത്തിന് പോകുമായി രുന്നോ? ഇത് രാഷ്ട്രീയ പ്രശ്നമല്ല. ഇത് കാടത്തത്തെ താലോലിക്കലാണ്. ഇത് അപകടമാണ്. ഈ പോക്ക് തടയണം. കേരളത്തിൽ വളർന്നുവരുന്ന, നിയമം കൈയിലെടുക്കുന്ന ഈ പ്രവണത തടയണം. അതിൽ ഏറ്റവും ഒടുവി ലത്തെ സംഭവമാണ് യൂണിവേഴ്സിറ്റിയിലുണ്ടായത്. ഇതിന്റെ കുറ്റക്കാരെ ശിക്ഷിക്കുന്നതിനുപകരം അവരെ പരോക്ഷമായി ന്യായീകരിക്കാൻ മുഖ്യ മന്ത്രി മുന്നോട്ടു വന്നിരിക്കുന്നു. ഈ സംഭവത്തിന്റെ ഫലമായി മർദ്ദനമേറ്റ് ആശുപത്രിയിൽ കിടക്കുന്നവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ തയ്യാറാകു ന്നില്ല. ഒരു ജീവനക്കാരി ജീവനോട് മല്ലിടുകയാണ്. അതുപോലെ മറ്റുപ ലർക്കും മർദ്ദനമേറ്റിരിക്കുകയാണ്. ഇത്രയും ഗുരുതരമായ ഒരു പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ലാഘവബുദ്ധിയോടുകൂടി രണ്ടുപേരെ ഡീഗ്രേഡ് ചെയ്തുകൊണ്ട്, അവിടെ അക്രമം കാണിച്ചവരെയും അക്രമത്തിന് വിധേയ രായവരെയും ഒരു പോലെ കുറ്റക്കാരായി കാണുന്ന ഈ സർക്കാരിന്റെ നില പാടിന്റെ ഒരു പ്രഖ്യാപനമാണ് ഇപ്പോൾ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാ യത്. ഈ തലസ്ഥാന നഗരിയിൽ നടന്ന ഇത്രയും ക്രൂരമായ ഒരു മർദ്ദനത്തെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും നിലയിൽ തെറ്റുചെയ്തവരെ ശിക്ഷിക്കു ന്നതിനുപകരം അവരെ ന്യായീകരിക്കുകയും അക്രമത്തിന് വിധേയരായവ രോട് യാതൊരു സിമ്പതിയും കാണിക്കാത്ത മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : വാക്കൗട്ടാണോ? അത് വേണ്ട താണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണി : സർ, ഞങ്ങൾ വാക്കൗട്ട് നടത്തുന്നു. നിങ്ങളായിരുന്നുവെങ്കിൽ വാക്കൗട്ട്കൊണ്ട് അവസാനിപ്പിക്കുകയില്ല. നിങ്ങളുടെ കാലത്തെ അസംബ്ലിയാണെങ്കിൽ ഇപ്പോൾ വാക്കൗട്ട് അല്ല, ഡയസിലേയ്ക്ക് ചാടിവീഴുമായിരുന്നു. അങ്ങയുടെ പ്രവർത്തന ശൈലിയിലേക്ക് പോകാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. നിങ്ങൾ കഴിഞ്ഞ നിയമസഭയിൽ കാണിച്ചത് ഞങ്ങൾക്ക് അറിയാം. ഡെസ്ക്കും ബഞ്ചും തകർക്കുകയും സ്പീക്കറുടെ മൈക്ക് തല്ലിപ്പൊട്ടിക്കുകയും ചെയ്ത നിങ്ങളുടെ സ്വഭാവം ഞങ്ങൾക്ക് ഇല്ല.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : നിങ്ങളുടെ കാലത്തല്ലേ മുണ്ടു പൊക്കിക്കാണിച്ചത്?

ശ്രീ. എ.കെ. ആന്റണി : ഞങ്ങൾ നിങ്ങളുടെ പാരമ്പര്യത്തിലേയ്ക്ക് പോകുന്നില്ല. അങ്ങേയ്ക്ക് എന്തും പറയാമെന്നുള്ളതാണ്.....ബഹളം....

ശ്രീ. ഉമ്മൻ ചാണ്ടി : ആരാണ് മുണ്ടുപൊക്കിക്കാണിച്ചതെന്ന് പറയണം.

ശ്രീ. കെ.എം. മാണി : സർ, ഏത് മെമ്പർ മുണ്ടുപൊക്കിക്കാണിച്ചു? ഏത് മെമ്പർ തുണിപൊക്കിക്കാണിച്ചുവെന്ന് പറയണം.

ശ്രീ. ടി.എം. ജേക്കബ് : മുഖ്യമന്ത്രി പറഞ്ഞത് മുണ്ട് പൊക്കിക്കാണിച്ചു എന്നാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : നിങ്ങളുടെ കാലത്ത് മന്ത്രിയായിരുന്ന പാലക്കാട്ടെ സ്വാമിയാണ് മുണ്ട് പൊക്കിയിട്ടുള്ളത്.....ബഹളം.....

[10.00 A.M]

ശ്രീ. ടി.എം. ജേക്കബ് : സർ, ഏതു മന്ത്രിയാണ് മുണ്ട് പൊക്കിയത്; ആരാണ് മുണ്ടുപൊക്കിയത്?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ..... (ബഹളം)... .... മേശപ്പുറത്തുകയറി നിന്ന് പാലക്കാട്ടെ ഒരു സ്വാമിയാണ് മുണ്ടു പൊക്കിയത്. അതിന്റെ മുകളിൽ നിന്നു തുള്ളി.

ശ്രീ. ടി.എം. ജേക്കബ് : വെറുതെ വായിൽ തോന്നിയത് എന്തും വിളിച്ചു കൂവാൻ പാടുണ്ടോ?

ശ്രീ. കെ. ബാബു : (ബഹളം) ... മുഖ്യമന്ത്രിക്ക് എന്തു തോന്ന്യാസവും പറയാമോ?

മി. സ്പീക്കർ : ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ.... (ബഹളം) ....ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ...

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : പ്രതിപക്ഷത്തെ നോക്കിയിട്ട് മുണ്ടു പൊക്കി കാണിച്ചു എന്നു പറയുന്നത് വ്യത്തികേടല്ലേ; ഇങ്ങനെയാണോ അടിയന്തിരപ്രമേയത്തിന് മറുപടി പറയേണ്ടത്; വ്യത്തികേട് പറയാൻ പാടുണ്ടോ മുഖ്യമന്ത്രിക്ക്?

ശ്രീ. ഇ.കെ. നായനാർ : ...(ബഹളം)..... ആര് മുണ്ടുപൊക്കി എന്നോ?...

ശ്രീ. കെ.എം. മാണി : ഇതുപോലെ പ്രതിപക്ഷത്തെ നോക്കി ഒരു മുഖ്യമന്ത്രി സംസാരിക്കുന്നതു ശരിയാണോ? അതിന് അങ്ങ് അനുവദിക്കാൻ പാടില്ല. അങ്ങ് അനുവദിച്ചാൽ ഞങ്ങൾക്ക് അതൊന്നും കേട്ടിരിക്കാൻ പറ്റില്ല.

ശ്രീ. ടി.എം. ജേക്കബ് : ഇതിനകത്ത് അന്നത്തെ മന്ത്രിസഭയിലെ പല മെമ്പർമാരുമുണ്ട്. ഞങ്ങളൊക്കെ ഉണ്ടായിരുന്നില്ലേ അന്നത്തെ മന്ത്രസഭയിൽ?

LIBRARY ARCHIVES Kerala Legislative Assembly

അന്നു നിങ്ങൾ പ്രതിപക്ഷത്തായിരുന്നു. അന്ന് ആര് തുണി പൊക്കി കാണിച്ചു എന്നാണ് പറയുന്നത്. ഏതു മന്ത്രിയാണ്?

ശ്രീ. ഇ.കെ. നായനാർ : ഞങ്ങൾ അന്നു പ്രതി പക്ഷത്തു ഇരിക്കുക യായിരുന്നു. സ്വാമിയായിരുന്നു. അങ്ങയുടെ പാലക്കാട്ടെ സ്വാമിയാണ് മുണ്ടു പൊക്കിയത്.

ശ്രീ. ടി.എം. ജേക്കബ് : മുഖ്യമന്ത്രി ആ പരാമർശം പിൻവലിക്കണം.

ശ്രീ. ഇ.കെ. നായനാർ : ഞാൻ പിൻവ ലിക്കില്ല. ഒരു ഇഞ്ചുപോലും പിൻവലിക്കില്ല. .....(ബഹളം) ....

ശ്രീ. ഉമ്മൻ ചാണ്ടി : മുഖ്യമന്ത്രി മാന്യമായി പെരുമാറണം.

ഡോ. എം.എ. കുട്ടപ്പൻ : മുഖ്യമന്ത്രി മാന്യമായി പെരുമാറണം. മുഖ്യ മന്ത്രി മാന്യമായി സംസാരിക്കണം.....(ബഹളം)...

ശ്രീ. പാലോട് രവി : സർ, മുഖ്യമന്ത്രിക്ക് എന്തും പറയാമോ; മുഖ്യമ ന്ത്രിക്ക് വായിൽ തോന്നിയത് എന്തും വിളിച്ചു പറയാമോ? മുഖ്യമന്ത്രിക്ക് എന്തും വിളിച്ചു പറയാൻ കഴിയില്ല.....(ബഹളം)... ഞങ്ങൾക്ക് അത് അംഗീക രിക്കാൻ കഴിയില്ല. ഞങ്ങൾ വാക്കൗട്ട് നടത്തി പോയതല്ലെ .....(ബഹളം)...

ശ്രീ. കെ. ബാബു : നിങ്ങളുടെ പഴയ എം.എൽ.എ. ശ്രീ. ഇ.എം. ജോർജാണ് മുണ്ട് പൊക്കിയത്.

ശ്രീ. ജി. കാർത്തികേയൻ : വാക്കൗട്ടിന്റെ ഭാഗമായി ഞങ്ങൾ പ്രസ്താ വന നടത്തി പുറത്തേക്കു ഇറങ്ങിയപ്പോഴാണ് മുഖ്യമന്ത്രി പറയാൻ പാടില്ലാത്ത വാക്കുകൾ പറഞ്ഞ് ഞങ്ങളെ പ്രകോപിതരാക്കിയത്. ഇത് സഭയ്ക്ക് അപമാനമാണ്.

മി. സ്പീക്കർ : ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ .....(ബഹളം)...

ഡോ. എം.എ. കുട്ടപ്പൻ : സർ, ആ പരാമർശം പിൻവലിക്കണം..... (ബഹളം).....

മി. സ്പീക്കർ : ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ .....(ബഹളം)...

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ഈ പരാമർശം മുഖ്യമന്ത്രി പിൻവ ലിക്കണം. ഇല്ലെങ്കിൽ സഭയ്ക്ക് മൊത്തം ഇത് അപമാനമാണ്.

മി. സ്പീക്കർ : ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ, അങ്ങ് സംസാരിക്കുന്നു ണ്ടോ..... .....(ബഹളം)...

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, എനിക്കു പറയാനുള്ളത് ഞാൻ പറയുന്നില്ല. ഈ പ്രതിപക്ഷത്തെ മുഴുവൻ ആക്ഷേപിച്ചതിന് മുഖ്യമന്ത്രി മാപ്പുപറയണം. എന്നിട്ടേ ഞാൻ സംസാരിക്കുന്നുള്ളൂ. എനിക്ക് ഇറങ്ങിപ്പോകു ന്നതിനു മുമ്പ് സംസാരിക്കണം. മുഖ്യമന്ത്രി പ്രതിപക്ഷത്തെ ഒന്നടങ്കം ആക്ഷേപിച്ചതിന് മാപ്പു പറയണം. എന്നിട്ട് ഞാൻ എനിക്കു പറയാനുള്ളതു പറയും.

ശ്രീ. ഇ.കെ. നായനാർ : ഒരൊറ്റ വാക്കുപോലും ഞാൻ പിൻവലി ക്കില്ല. ഒരിഞ്ചു പോലും മാപ്പും പറയില്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, അങ്ങ് സഭാ നാഥനാണ്. ഇത് നമ്മുടെ സഭയ്ക്ക് ചേർന്നതല്ല. അങ്ങ് ബഹുമാനപ്പെട്ട സഭാനേതാവാണ്.

.....(ബഹളം)...

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണൻ കേട്ടില്ലേ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, അത് വസ്തുതയല്ലേ.

ശ്രീ. ടി.എം. ജേക്കബ് : സർ, ഞങ്ങൾ ആരോടാണ് പറയേണ്ടത്?

.....(ബഹളം)....

അങ്ങ് ഒരു മുഖ്യമന്ത്രിയാണ്. അങ്ങ് സഭാനേതാവാണ്. അങ്ങ് അത് പിൻവലിക്കണം. (ബഹളം).....

ശ്രീ. ഇ.കെ. നായനാർ : സർ, ഞാൻ പറഞ്ഞത് പൂർണ്ണമായും ശരിയാണ്. ഒരു മാപ്പും ചോദിക്കുകയില്ല.

ശ്രീ. കെ.എം. മാണി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന അങ്ങ് പിൻവലിക്കാൻ ആവശ്യപ്പെടണം. സഭയുടെ അന്തസ്സ് കാത്ത് സൂക്ഷിക്കുകയെന്നത് സ്പീക്കറുടെ ചുമതലയാണ്. അങ്ങ് അതിന് മുന്നോട്ടുവരണം. .....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്....പ്ലീസ് .....

ശ്രീ. പാലോട് രവി : സർ, കവലയിൽ പറയുംപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയരുത്. അങ്ങ് കേരളത്തിലെ മുഖ്യമന്ത്രിയാണ്, ഇത് കേരളത്തിലെ നിയമസഭയാണ്. ഇത് മുഖ്യമന്ത്രി പിൻവലിക്കണം. അത് സഭയ്ക്ക് യോജിച്ചതല്ല. അങ്ങ് ഈ സഭയുടെ നാഥനാണ്.

.....(ബഹളം).....

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് എന്താണ് പറയാനുള്ളത്?

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സഭയുടെ നടത്തിപ്പിന് ..... ഇൻഡ്യയിലെ നിയമസഭകളിലെല്ലാം നടക്കുന്നത് നമ്മൾ പത്രത്തിൽ വായിച്ചിട്ടുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി ഈ സഭ ഏറ്റവും ശാന്തമായി പോകുകയാണ്. ഈ സഭയുടെ നടത്തിപ്പിൽ ഞങ്ങൾ ഇത്രയേറെ സഹകരിക്കുമ്പോൾ സഭാനേതാവായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷത്തെ നോക്കി ഈ നിലയിലുള്ള പരാമർശം നടത്തിയാൽ ..... ഞങ്ങൾ വാക്ക് ഔട്ട് നടത്തി ഇറങ്ങി പോകുകയായിരുന്നു. മുഖ്യമന്ത്രിയുടെ പരാമർശം പിൻവലിക്കാൻ പറയണം. ഇത്തരം പരാമർശങ്ങൾ സഭയിൽ പാടുണ്ടോ? ഇത്രയും തരംതാണ പരാമർശങ്ങൾ സഭയിൽ പാടുണ്ടോ? അത് സഭാനേതാവിൽ നിന്നുണ്ടാവുകയാണെങ്കിൽ എന്താണ് ചെയ്യുന്നത്? ഇത് കേരള നിയമസഭയ്ക്ക് അപമാനമാണ്. അങ്ങ് ഇത് പിൻവലിക്കണം. അങ്ങയുടെ ഈ നിലപാട് ഈ സഭയ്ക്ക് അപമാനമാണ്. അങ്ങ് ഇത് പിൻവലിക്കണം. അങ്ങ് ദുരഭിമാനം കാണിക്കരുത്. പിൻവലിക്കണം. അങ്ങേയ്ക്ക് നാവ് പിഴച്ചുപോയി. അങ്ങ് പിൻവലിക്കണം. പിടിവാശി കാണിക്കരുത്. (ബഹളം).....

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, സുന്ദരം സ്വാമി മുണ്ട് പൊക്കിയത് ഒരു യാഥാർത്ഥ്യമാണ്. ആ വസ്തുത ഞാൻ പറഞ്ഞതിൽ ഒരു അപമാനവുമില്ല. ബഹുമാനപ്പെട്ട ആന്റണി പറഞ്ഞതുപോലെ ഇത്രയും അപമാനം ഈ സഭയ്ക്കുണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വിജയകുമാർ : സുന്ദരം സ്വാമിയെ സ്പീക്കർക്കറിയാം. ..... (ബഹളം).....

മി. സ്പീക്കർ : പ്ലീസ് .....(ബഹളം).....

ശ്രീ. പാലോട് രവി : സർ, അന്ന് സുന്ദരം സ്വാമിയും ശ്രീ. പി.ജെ. ജോസഫും ഒരുമിച്ചായിരുന്നു. ശ്രീ. പി.ജെ. ജോസഫ് പറയട്ടെ. അത് രേഖയിൽ കാണുമല്ലോ. രേഖ പരിശോധിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇത്തരത്തിലുള്ള ഒരു സംഭവം നടന്നാൽ അതിന്റെ പരാമർശം വരും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞകാര്യം ഈ സഭയുടെ രേഖയിൽ കാണും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് കളവാണ്. അല്ലെങ്കിൽ ബഹുമാനപ്പെട്ട പി.ജെ. ജോസഫ് പറയട്ടെ.

(ബഹളം)

മി. സ്പീക്കർ : ഇതിന് ഒരു പരിഹാരം വേണ്ടേ? സഭ നടക്കണ്ടേ? പ്രതിഷേധിച്ചിട്ട് ഒരു വാക്കൗട്ട് നടത്തുന്നു. നടപടികളുടെ ഭാഗമായിട്ടല്ല ഇവിടെ ഈ പ്രശ്നങ്ങളൊക്കെ ഉണ്ടായത്. വാക്കൗട്ടിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചുപോയി. അടുത്തതാണ് ശ്രീ. ഇ.ടി. മുഹമ്മദ് ബഷീറും ശ്രീ. ടി.എം. ജേക്കബുമൊക്കെ സംസാരിച്ചത്. അതിനിടയ്ക്കാണ്.....(ബഹളം).....

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഈ നിയമസഭയിൽ പറഞ്ഞു കൂടാത്ത പല കാര്യങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയാറുണ്ടെങ്കിലും അദ്ദേഹത്തിന്റെ പ്രായത്തെ ബഹുമാനിച്ച് ഞങ്ങളൊന്നും തടസ്സമുണ്ടാക്കാറില്ല. എന്നാൽ പറഞ്ഞ് പറഞ്ഞ് എന്തും പറയാമെന്ന് മുഖ്യമന്ത്രി വിചാരിക്കുന്നത് ശരിയല്ല. അത് കേട്ടിരിക്കാൻ സാദ്ധ്യമല്ല. എന്തും പറയാമെന്നായിരിക്കുകയാണ്. അത് ശരിയല്ല.....(ബഹളം).....

ശ്രീ. ടി.എം. ജേക്കബ് : സർ, അങ്ങ് ഒരു തീരുമാനമെടുക്ക്, ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? . .....(ബഹളം).....

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, മുഖ്യമന്ത്രിയുടെ പരാമർശം പിൻവലിക്കണമെന്നാണ് പ്രതിപക്ഷത്തിന്റെ ആവശ്യം. മുഖ്യമന്ത്രി ആ പരാമർശത്തിൽ ഉറച്ചു നിൽക്കുകയാണ്. മുഖ്യമന്ത്രി പിൻവലിക്കേണ്ട ആവശ്യമില്ല, ഒരു വസ്തുതയാണ് പറഞ്ഞതെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ ഇല്ലാത്ത ഒരു സംഭവമാണെന്നാണ് പ്രതിപക്ഷം ഏകകണ്ഠമായി പറയുന്നത്. ശ്രീ. സുന്ദരംസ്വാമി മുണ്ടുപൊക്കുന്ന സഭയിലൊന്നും ഞാൻ ഇല്ല. എനിക്ക് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയാൻ കഴിയുന്നതല്ല. ശ്രീ. പി.ജെ. ജോസഫുണ്ട്, ശ്രീ. ടി.കെ. രാമകൃഷ്ണനുണ്ട്, അവരൊക്കെ അന്ന് ആ സഭയിലുണ്ടായിരുന്നവരാണ്; അനുഭവസ്ഥരുമാണ്. അതിനോട് ബന്ധപ്പെട്ട് അന്ന് ചില പത്രവാർത്തകളൊക്കെയുണ്ടായിരുന്നു. ഞാൻ ഒരു കാര്യം പറയുന്നത് അതുകൊണ്ട് സ്പീക്കർ തന്നെ ഇക്കാര്യത്തിൽ മുഖ്യമന്ത്രി പറഞ്ഞ വസ്തുത അന്ന് സംഭവിച്ചതാണോ ഇല്ലയോയെന്ന്- ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് അതിനോട് ബന്ധപ്പെട്ട പരാമർശങ്ങൾ സ്വാഭാവികമായും നിയമസഭാ രേഖകളിൽ ഉണ്ടാകണം- അങ്ങനെയാണെങ്കിൽ നിയമസഭാ രേഖകൾ പരിശോധിച്ച് അത്തരം ഒരു വസ്തുതയില്ലെങ്കിൽ എന്തുവേണമെന്ന് ആലോചിക്കാം. ഉണ്ടെങ്കിൽ.....ഉണ്ടോ ഇല്ലയോയെന്ന് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഒരു റൂളിംഗ് സ്പീക്കർ നൽകുന്നതായിരിക്കും നല്ലത്. സഭ തുടരാൻ അവസരം നൽകുകയും ഇത് പരിശോധിച്ചിട്ട് അങ്ങനെ ഇല്ലെങ്കിൽ അത് ഒഴിവാക്കേണ്ടതാണ്. യാതൊരു സംശയവും ആ കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഇല്ല. ഇല്ലാത്ത ഒരു വിഷയമാണെങ്കിൽ.... ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലുള്ള റൂളിംഗ് ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തു നിന്നുണ്ടായാൽ മതി.

ശ്രീ. കെ.എം. മാണി : ഞങ്ങൾക്ക് ആക്ഷേപമുള്ള രണ്ട് കാര്യങ്ങളുണ്ട്. ആദ്യമായി മുഖ്യമന്ത്രി പ്രതിപക്ഷം തുണിപൊക്കി പ്രതിഷേധിക്കുന്നുവെന്നു പറഞ്ഞു. അങ്ങനെ പറഞ്ഞതിനുശേഷം പാലക്കാട്ട് സ്വാമിയാണ് തുണിപൊക്കിയതെന്നു പറയുകയുണ്ടായി. രണ്ട് കാര്യങ്ങൾ. പ്രതിപക്ഷത്തെ അടച്ച് ആക്ഷേപിച്ച കാര്യവും പാലക്കാട്ട് സ്വാമിയെ ആക്ഷേപിച്ചകാര്യവും. ഇത് രണ്ടും അങ്ങ് പരിശോധിക്കണം.

ശ്രീ. ടി.എം. ജേക്കബ് : .....സർ.....ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ .....

മി. സ്പീക്കർ : Please. Please. പ്രായോഗികമായിട്ട് എന്ത് ചെയ്യാൻ കഴിയുമെന്ന് ഞാൻ പരിശോധിക്കാം. ഒരു കാര്യം ചെയർ പറയട്ടെ ഇപ്പോൾ ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി പഴയ കാര്യങ്ങൾ പറഞ്ഞു, ശ്രീ. കെ. എം. മാണി പുതിയ കാര്യവും പറഞ്ഞു. രേഖകൾ പരിശോധിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടും ഇല്ല. രേഖകളിൽ ഉള്ളതെല്ലാം നമുക്ക് പരിശോധിക്കാം. പക്ഷെ.....

അത് പരിശോധിക്കാമെന്നു പറഞ്ഞല്ലോ. ആ കാര്യവും ഇതും പരിശോധിക്കാം.

മൈക്ക് അങ്ങനെ തരാൻ പറ്റുകയില്ല. നിങ്ങൾ ഒരോരുത്തരും മൈക്ക് ചോദിച്ചാൽ അങ്ങനെ തരാൻ പറ്റില്ല. അത് ആവശ്യപ്പെട്ടിട്ട് അനുവദിച്ചാലെ തരാൻ പറ്റുകയുള്ളൂ. അല്ലാതെ അങ്ങോട്ട് ക്ഷോഭിച്ചിട്ട് കാര്യമുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യം പറഞ്ഞത് പ്രതിപക്ഷം മുണ്ടുപൊക്കി പ്രതിഷേധിച്ചു എന്നാണ്. അത് മൈക്കിലുള്ളതുകൊണ്ട് രേഖയിൽ വരുകയില്ല. അങ്ങ് പരിശോധിക്കുമ്പോൾ അതും പരിശോധിക്കണം. അത് പരിശോധിക്കാതെ വിടാൻ പറ്റുകയില്ല. അങ്ങയുടെ സോഴ്സ് വച്ചുകൊണ്ട് അത് അന്വേഷിക്കണം. ശ്രീ. സുന്ദരംസ്വാമിയുടെ രണ്ടാമത് ആവർത്തിച്ചാവർത്തിച്ച് ഞങ്ങൾ പറഞ്ഞതിനുശേഷം, സുന്ദരം സ്വാമിയുടെ പേരു പറഞ്ഞു. അതും പരിശോധിക്കണം. ഈ രണ്ട് പരിശോധനയും അന്വേഷണവും കഴിഞ്ഞശേഷം അങ്ങ് തീരുമാനിച്ചോ.

മി. സ്പീക്കർ : ഈ പരാമർശങ്ങളെ സംബന്ധിച്ച് പരിശോധിക്കാം. പ്രായോഗികമായി ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാം. പ്ലീസ് .

ശ്രീ. എ.കെ. ആന്റണി : ബഹുമാനപ്പെട്ട സ്പീക്കറുടെ തീരുമാനം ഞങ്ങൾ അംഗീകരിക്കുന്നു. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ച് വാക്കൗട്ട് നടത്താൻ സമയത്ത് മുഖ്യമന്ത്രി പറഞ്ഞു" നിങ്ങളുടെ കാലത്ത് പ്രതിപക്ഷം ചെയ്തതുപോലെ മുണ്ട് പൊക്കി കാണിക്കുന്ന ഏർപ്പാട് ഞങ്ങൾക്കില്ല" എന്ന്. ഇതുകഴിഞ്ഞ് ഏറ്റവും അവസാനം അദ്ദേഹം ശ്രീ. സുന്ദരംസ്വാമി മുണ്ടുപൊക്കി കാണിച്ചതുപോലെ" എന്നും പറഞ്ഞു. അപ്പോൾ പ്രതിപക്ഷത്തെ ഒന്നടങ്കം അടച്ച് ..... ആദ്യം പ്രതിപക്ഷം മുഴുവൻ പഴയകാലത്തു മുണ്ടുപൊക്കി കാണിക്കുന്നവരാണെന്നുള്ള ആക്ഷേപം നിങ്ങളുടെ കാലത്തുണ്ടായതുപോലെ, പിന്നെ സ്വാമിയെ പ്രത്യേകിച്ച്..... ഈ രണ്ട് കാര്യങ്ങളും പരിശോധിച്ച്, അങ്ങ് അന്വേഷിച്ച് സഭാ നടപടികൾ പരിശോധിച്ച് ഈ സഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കാൻ ആവശ്യമായിട്ടുള്ള നടപടികൾ അങ്ങ് സ്വീകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുമെന്ന പ്രതീക്ഷയിൽ ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. എ.കെ. ആന്റണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : സർ, ഇവിടെ ഈ വിഷയത്തിന്റെ ഗൗരവം വിഷയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ബി. വിജയകുമാറും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇവിടെ പറഞ്ഞു. ഇതിന്റെ സംഗതിയെ സംബന്ധിച്ച് പറയുമ്പോൾ പ്രതിപക്ഷം എന്തെങ്കിലും പറയുന്നു എന്ന സ്വഭാവത്തിൽ ഇതിനെ കാണരുത്. ഈ സംഭവത്തെക്കുറിച്ച് റിപ്പോർട്ട് ചെയ്ത മാതൃഭൂമിയിലെ റിപ്പോർട്ട് ഞാൻ വായിക്കാം. മുദ്രാവാക്യം വിളിക്കുന്നവരുടെ ഇടയിലേക്ക് എസ്.എഫ്.ഐ.ക്കാർ ഇരച്ചുകയറി. ചിലരുടെ കൈകളിൽ അവിടത്തെ മരങ്ങളിൽനിന്നും ഒടിച്ചെടുത്ത കമ്പുകളും ഉണ്ടായിരുന്നു. എസ്എഫ്. ഐ. ക്കാരുടെ തള്ളിക്കയറ്റത്തിൽ ജീവനക്കാർ ചിതറി ഓടി. ജീവനക്കാരിൽ ചിലർ ചെറുത്തുനിൽക്കാൻ ശ്രമിച്ചതോടെ പ്രശ്നം രൂക്ഷമായി. കവാടത്തിൽ ഉണ്ടായിരുന്ന ചെടിച്ചട്ടികൾ വായുവിൽ പറന്നു. ഈ സംഭവങ്ങളെല്ലാം നടക്കുമ്പോഴും അടഞ്ഞവാതിലുകൾക്ക് പിന്നിൽ പോലീസുകാർ സുരക്ഷിതരായിരുന്നു. ഇവിടെ നിങ്ങൾ കാണേണ്ട ഒരു കാര്യം നിങ്ങൾ ഭരിക്കുന്ന സമയത്ത് നിങ്ങൾക്ക് അസൗകര്യം ഉണ്ടാക്കുന്ന നിങ്ങളുടെ സിൻഡിക്കേറ്റോ മറ്റോ ആകട്ടെ അവർ ചെയ്യുന്ന കാര്യത്തിനുനേരെ സമരം ഉണ്ടാകുമ്പോൾ അതിനെ നേരിടാനുള്ള ഉത്തരവാദിത്വം നിങ്ങളുടെ പോഷക സംഘടനയെ ഏൽപ്പിച്ചാൽ ഈ രാജ്യത്ത് എന്തുണ്ടാകുമെന്ന് നിങ്ങൾ ചർച്ച ചെയ്യണം. ഇതിന് എന്താണ്, എ.കെ.പി.ടി.സി. യുടെ തന്നെ പ്രസ്താവന ഈ പത്രത്തിലുണ്ട്. എന്താണ് അവർ പറഞ്ഞതെന്ന് അറിയാമോ? അങ്ങനെ പണിമുടക്കുന്നത് നീതീകരിക്കാനാവുന്നതല്ല. ആരാണ് എ.കെ.പി.ടി.സി.? അവരാണോ രാജ്യം ഭരിക്കുന്നത്? നിങ്ങൾ ഭരിക്കുന്ന സമയത്ത് പ്രതിപക്ഷമുണ്ടായിക്കൂടാ. ജനാധിപത്യപരമായി സമരം ചെയ്തു കൂടാ. സ്ത്രീകൾ അടക്കമുള്ള ആളുകളുടെ ഇടയിലേയ്ക്ക് മരത്തിൽനിന്നും കമ്പ് മുറിച്ചെടുത്തിട്ട് യുദ്ധത്തിന് പോകുന്ന മാതിരി വന്നാൽ ജനാധിപത്യത്തോടും കേരളത്തോടും നിങ്ങൾ കാണിക്കുന്ന സമീപനം എന്താണെന്ന് നിങ്ങൾക്ക് കാണാം. അതോടൊപ്പം മറ്റൊരു കാര്യം കൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. എന്താണ് എ.ഐ.ടി.യു.സി. യുടെ നിലപാട്. ഞങ്ങൾ പറയുമ്പോൾ നിങ്ങൾ ചൊടിക്കുന്നുണ്ടല്ലോ ഇൻഡ്യൻ എക്സ്പ്രസിൽ പറഞ്ഞിരിക്കുന്നത് എന്താണ്- 'A.I.T.U.C. Charge –The A.I.T.U.C today alleged that the striking employees were being threatened by outside forces' നിങ്ങൾ ആലോചിക്കണം എ.ഐ.ടി.യു.സി. ജനറൽ സെക്രട്ടറിയുടെ പ്രസ്താനവനയാണ്. സമരം ചെയ്യുന്ന ആളുകളെ പുറത്തുനിന്നും വന്ന ശക്തികൾ ആക്രമിക്കുന്ന വിധത്തിലേക്ക് കാര്യങ്ങൾ പോകുകയാണ്. ഈ വിധത്തിൽ കാര്യങ്ങൾ നീങ്ങുകയാണെങ്കിൽ ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ഭരണം മാറിയും തിരിഞ്ഞും വരും. പക്ഷെ ഭരിക്കുന്ന ആളുകളുടെ കുറെ ആളുകൾ എസ്.എഫ്.ഐ. ആകട്ടെ, സി.ഐ.ടി.യു. ആകട്ടെ, അവർ സമരം ചെയ്യുന്നവരെ നേരിടാനായിട്ട് ആയുധവും എടുത്തുകൊണ്ട് വരുന്നസ്ഥിതി വന്നാൽ ഈ രാജ്യത്ത് രക്ഷയുണ്ടാകുകയില്ലയെന്ന കാര്യം ആലോചിക്കണം. പിന്നെയുള്ള ഒരു സംഗതി പറയട്ടെ, ഈ യൂണിവേഴ്സിറ്റിക്കാർക്ക് ഒരു വിചാരമുണ്ട് ലോകത്തെ ഒരു നിയമവും അവർക്ക് ബാധകമല്ല. റിക്രൂട്ട്മെന്റ് പോളിസി ബാധകമല്ല, മറ്റൊന്നും ബാധക

LIBRARY ARCHIVES Kerala Legislative Assembly

മല്ല. ആട്ടോണമി എന്നു പറയുന്നത് അവർക്ക് തോന്നിയപോലെ നടത്താമെന്നാണ് അവരുടെ വിചാരം. അതിനെതിരായിട്ട് ഫൈറ്റ് ചെയ്തവരാണ് ഞങ്ങൾ. അന്ന് നിങ്ങൾ പറഞ്ഞു വൈസ് ചാൻസലറുടെ കാര്യത്തിൽ യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ആട്ടോണമിയുടെ കാര്യത്തിൽ ഇടപെടുകയാണെന്ന് നിങ്ങൾക്ക് കാർഷിക യൂണിവേഴ്സിറ്റിയിലെ വൈസ്ചാൻസലറെ മാറ്റാൻ വേണ്ടി നിയമം കൊണ്ടു വരേണ്ട ഗതികേട് ഉണ്ടായി. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ബഹുമാനപ്പെട്ട മന്ത്രി അടക്കം ഈ യൂണിവേഴ്സിറ്റിയെ ഇതുപോലെ വിട്ടുകൊടുത്താൽ അവർക്ക് ഇഷ്ടംപോലെ ചെയ്യാം. അതിൽ ആർക്കും നിയന്ത്രണമില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സംവരണത്തെ അട്ടിമറിച്ച് അവസാനം ഗ്രാന്റ് കൊടുക്കുകയില്ലയെന്ന് പേടിപ്പിച്ചിട്ടാണ് മര്യാദയ്ക്കു വന്നത്. ജീവനക്കാർക്ക് പ്രതിഷേധിക്കാനുള്ള അവകാശമുണ്ട്. ആ പ്രതിഷേധിക്കുന്നതിനെ നിങ്ങൾ മുഷ്ക്ക് ഉപയോഗിച്ച് പോലീസുകാരെ കാവൽ നിർത്തിയിട്ട് അത് ചെയ്യരുത്. ഒരു കാര്യം കൂടി സൂചിപ്പിക്കുകയാണ്. ജനാധിപത്യപരമായ സമരങ്ങൾ ഉണ്ടാകുമ്പോൾ പോലീസിനെ സംബന്ധിച്ചിടത്തോളം സമരക്കാരെ തല്ലാൻ മറ്റുള്ളവർ ആയുധവുമായിട്ടു വരുമ്പോൾ, മുറിച്ചെടുത്ത കമ്പുമായിട്ട് അടിക്കാൻ വരുമ്പോൾ പോലീസ് കല്ലുപോലെ നോക്കി നിൽക്കുകയെന്നുപറഞ്ഞാൽ ഇവിടെ എന്താണ് സുരക്ഷിതത്വം? ഈ സഭ സ്വാഭാവികമായും കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്ന സമയത്ത്, പ്രതിപക്ഷങ്ങൾ പറയുന്ന സമയത്ത് അതിനെ അതിന്റെ രൂപത്തിൽ കാണണമെന്നല്ലാതെ തല്ലാൻ പോകുന്നത് ഞങ്ങളുടെ പാർട്ടിക്കാരാണ് അതുകൊണ്ട് എന്തും ചെയ്യാമെന്ന സ്വഭാവത്തിലേക്ക് ഗവണ്മെന്റ് പോകരുത്. സഭ നിർത്തിവച്ച് ഈ കാര്യം സജീവമായി ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ഇ.ടി. മുഹമ്മദ് ബഷീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭ വിട്ടിറിങ്ങിപ്പോയി.)

<u>ശ്രീ. കെ.എം. മാണി</u> : സർ, ഇന്നലത്തെ പത്രമാണ്-മുകളിൽ കാർഗിൽ യുദ്ധം, താഴെ യൂണിവേഴ്സിറ്റി ആഫീസിനു മുന്നിൽ മറ്റൊരു കാർഗിൽ. അപമാനകരമായ ഒരു സംഭവമാണ്. നമ്മുടെ സംസ്ഥാനത്ത് ഏതൊരാൾക്കും, ഏത് സംഘടനയ്ക്കും വ്യവസ്ഥാപിതമായി സമരം ചെയ്യാനും അവകാശവും അധികാരവുമുണ്ട്. യൂണിവേഴ്സിറ്റിയിൽ നടത്തിയ നിയമവിരുദ്ധമായ നിയമനങ്ങൾ, പക്ഷപാതത്തിനെതിരെ സമരം ചെയ്ത യൂണിവേഴ്സിറ്റി ജീവനക്കാർക്കു നേരെ നടന്ന ആക്രമണങ്ങൾ ആർക്ക് നീതീകരിക്കാൻ കഴിയും. ആശുപത്രിയിൽ വളരെ ഗുരുതരമായി പരിക്ക് പറ്റി നിരവധി പേർ കിടക്കുന്നു. ഈ സംഭവം നടക്കുമ്പോൾ പോലീസ് വട്ടംകൂടി നിൽക്കുകയാണ്. പോലീസിന്റെ കൺമുമ്പിൽ വച്ച് ഭരണകക്ഷി യൂണിയനുകൾ അത് ചെയ്യുന്നു. അപ്പോൾ ഇവിടെ ധിക്കാരം വളർന്നു വന്നിട്ട് ഭരണകക്ഷി യൂണിയനുകൾക്ക് എന്തും ആകാം. പ്രത്യേകിച്ച് മാർക്സിസ്റ്റ് പാർട്ടിയുടെ യൂണിയനുകൾക്ക് എന്തുമാകാം.

സർ, അതല്ലേ അങ്കമാലി ആശുപത്രിയിൽ കണ്ടത്? ഇപ്പോൾ യൂണിവേഴ്സിറ്റി യൂണിയന്റെ മുമ്പിൽ, അവർക്ക് ആരേയും ആക്രമിക്കാനുള്ള ലൈസൻസ് ഈ ഗവണ്മെന്റിന്റെ കീഴിൽ, ആഭ്യന്തര വകുപ്പിന്റെ കീഴിൽ കൊടുത്തിട്ടുള്ളത് വളരെ കഷ്ടമാണ്. കേസ്സെടുത്തത് എന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ചെടിച്ചട്ടി നശിപ്പിച്ചതിന് കേസ്സെന്നാണ്. ചെടിച്ചട്ടി

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് എറിഞ്ഞ് പരിക്കേൽപ്പിച്ചതിന് കേസ്സ് വേണം. അല്ലാതെ ചെടിച്ചട്ടി നശിപ്പിച്ചതിനല്ല കേസ്. എത്ര നിസ്സാരമായി ഗവണ്മെന്റ് ഈ കാര്യം കാണുന്നുവെന്ന് ഞാനോർക്കുകയാണ്. നിങ്ങളുടെ ആളുകൾ നിയമം എത്ര ലംഘിച്ചാലും ഗുണ്ടായിസം നടത്തിയാലും അക്രമം നടത്തിയാലും അവർക്കെതിരെ നടപടിയില്ല, അവർക്കെതിരെ ശിക്ഷണ നടപടിയില്ല. അവരെ അറസ്റ്റു ചെയ്യുകയില്ലെന്നുള്ള ഒരു രീതിയില്ലേ? എത്ര എസ്.എഫ്.ഐ. ക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ട്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് വിദ്യാർത്ഥികളേയും ജീവനക്കാരേയും അറസ്റ്റ് ചെയ്തിട്ടുണ്ടെന്നാണ്. അവരുടെ പേരിൽ കേസ്സുണ്ടെന്നാണ്. എത്ര എസ്.എഫ്.ഐ. ക്കാരെ അങ്ങ് അറസ്റ്റ് ചെയ്തിട്ടുണ്ട്? പുറത്തുനിന്നു വന്ന ഗുണ്ടകളെ ഇതിനകത്ത് ചേർത്തില്ലേ? സി.ഐ.ടി.യു.ക്കാരും, ഡി.വൈ.എഫ്.ഐ.ക്കാരും ഈ കയ്യേറ്റത്തിൽ പങ്കാളികളല്ലേ? ആ നിലയിലേക്ക് അക്രമം അഴിച്ചുവിട്ട്, ഗുണ്ടായിസം അഴിച്ചുവിട്ട് യൂണിവേഴ്സിറ്റി ജീവനക്കാർ നടത്തിയ വ്യവസ്ഥാപിതമായ സമരത്തെ തല്ലിത്തകർക്കാമെന്നുള്ള ശ്രമമായിരുന്നില്ലേ അന്ന് കണ്ടത്? അതുകൊണ്ട് ഇങ്ങനെയുള്ള ഗൗരവമായ ഒരു പ്രശ്നം, തിരുവനന്തപുരത്ത് തലസ്ഥാനത്ത് യൂണിവേഴ്സിറ്റി ഓഫീസിനു മുമ്പിൽ നടന്ന ഈ യുദ്ധം ഇത്ര ഗൗരവതരമായ ഈ നടപടിക്കെതിരെ, അതിനെപ്പറ്റി ഒരു ചർച്ച നടത്തേണ്ടതായിരുന്നു. അങ്ങ് ചർച്ച നടത്തിയിരുന്നെങ്കിൽ നമുക്ക് ഈ അലങ്കോലങ്ങൾ ഒന്നും ഉണ്ടാകില്ലായിരുന്നു. ഇതിലൊരു ചർച്ച അനുവദിക്കാത്ത ഈ ഗവണ്മെന്റിന്റെ തെറ്റായ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ.എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തുപോയി.)

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, രണ്ടു പ്രശ്നങ്ങളാണ് സഭാതലത്തിൽ അടിയന്തിരപ്രമേയമായി വന്നത്. അതിലൊന്ന് പിൻവാതിലിൽ കൂടി നടന്ന നിയമനം. ഇതിനെത്തുടർന്നുണ്ടായ സമരം. ആ സമരത്തിൽ നിന്നു നേരെ ബാഹ്യമായിട്ടുള്ള ഇടപെടൽ വന്നു. പോലീസ് നോക്കി നിൽക്കെ അവിടെ നടന്ന മർദ്ദനം. ഞാൻ ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും പറയാനാഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഉപദേശിക്കാനും ഞാൻ ആളല്ല. ഞാൻ ഉപദേശിക്കാനൊട്ടു ശ്രമിക്കുകയുമില്ല. ഇന്ന് വാസ്തവത്തിൽ, മുഖ്യമന്ത്രി ഈ കാര്യങ്ങൾക്ക് മറുപടി പറഞ്ഞപ്പോൾ അദ്ദേഹം ഉപയോഗിച്ച ചില വാചകങ്ങൾ ഞാൻ കുറിച്ചെടുത്തു. അതിലൊരു വാചകം അദ്ദേഹം പറഞ്ഞിരിക്കുന്നത് " ഏതാനും ചില ആളുകൾ അവിടെ സമരം നടത്തുന്നു" എന്നാണ്. ഏതാനും ചില ആളുകളല്ല. മുഖ്യമന്ത്രിക്ക്, ഇപ്പോൾ മുഖ്യമന്ത്രിയായിട്ട് ഇരിക്കുമ്പോൾ, യൂണിയനുകളോടും രാഷ്ട്രീയ പാർട്ടികളോടും എന്തെങ്കിലും പ്രത്യേക വിരോധമുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ- അവിടെ സമരം നടത്തുന്നത് രണ്ടു യൂണിയനിൽപ്പെട്ട ആളുകളാണ്. ഒന്ന്, നിങ്ങളുടെ ഭരണമുന്നണിയിൽപ്പെട്ട, അങ്ങയുടെ വലതുഭാഗത്തിരിക്കുന്ന ശ്രീ. കെ.ഇ. ഇസ്മയിലിന്റെ പാർട്ടിയുടെ ഒരു യൂണിയൻ, മറ്റൊന്ന് കോൺഗ്രസിന്റെ യൂണിയൻ. രണ്ടിനും പേരുണ്ട്. അതിൽ അറസ്റ്റ് ചെയ്യപ്പെട്ട ആളുകൾക്കും പേരുണ്ട്. അവർ ഒരു യൂണിയനെ പ്രതിനിധീകരിക്കുന്ന ആളുകളാണ്. അപ്പോൾ ഈ ആളുകളെയൊക്കെ അങ്ങ് മറച്ചു വച്ചു. ഒന്നത്. രണ്ടാമതായി ഈ അക്രമം നടത്തിയ ആളുകൾ, ഇതിനകത്ത് സിൻഡിക്കേറ്റ് മെമ്പർമാരുണ്ട്, യൂണിവേഴ്സിറ്റി യൂണിയന്റെ ആളുകളുമുണ്ട്, എസ്.എഫ്.ഐ. യുടെ ഭാരവാഹിക

LIBRARY ARCHIVES Kerala Legislative Assembly

ളുണ്ട്. അവരും പേരും അഡ്രസുമുള്ളവരാണ്. അതൊക്കെ അദ്ദേഹം മാറ്റിവച്ചു. സി.പി.ഐ. ക്കാരോടുള്ള മൗനമായ അങ്ങയുടെ വിരോധമല്ലേ അവസാനം ഞങ്ങളോട് തീർത്തത്? ഞങ്ങൾ ഇവിടെ തുണി പൊക്കി കാണിച്ചു എന്നൊക്കെയല്ലേ പറഞ്ഞത്. അല്ലെങ്കിൽ മറ്റു കാര്യങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർ അത് പരിശോധിക്കണം. ഞാൻ അതിലേക്ക് കടക്കുന്നില്ല. നമ്മുടെ സഭയെ സംബന്ധിച്ച് വളരെ ഭംഗിയായി നടക്കുന്ന ഒരു സഭയെന്ന് അങ്ങ് അഭിമാനത്തോടുകൂടി പലപ്പോഴും പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. ഞങ്ങൾ അങ്ങേയറ്റം അങ്ങയോട് സഹകരിക്കുന്നുണ്ട്. ഗവണ്മെന്റിനോട് സഹകരിക്കുന്നുണ്ട്. അത് ഞങ്ങളുടെ ബലഹീനത ആണെന്നു അങ്ങ് കരുതരുത്. കേരള നിയമസഭയിൽ തുണിപൊക്കി കാണിക്കുന്നു എന്ന് പറഞ്ഞാൽ, മുഖ്യമന്ത്രി അത് അങ്ങ് അടക്കമുള്ള മുഴുവൻ ആളുകൾക്കും മാന്യമായിട്ട്. അങ്ങ് ആ പരാമർശം പിൻവലിക്കേണ്ടതായിരുന്നു. അങ്ങയെ ഉപദേശിക്കുവാൻ ഞാൻ തയ്യാറാകുകയല്ല. എല്ലാവരുടെയും അന്തസ്സിനെ ചോദ്യം ചെയ്യുന്ന കാര്യമാണ്. അപമാനകരമായിട്ടുള്ള സ്റ്റേറ്റ്മെന്റ്, ദയവായി അങ്ങ് ഇതൊക്കെ ഉപേക്ഷിക്കേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുകയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. അങ്ങേയ്ക്ക് പത്രക്കാരോടും പ്രതിബദ്ധത എത്രയുണ്ടെന്ന് എനിക്കറിഞ്ഞുകൂടാ. അദ്ദേഹം തന്നെ പറയാറുണ്ട് "ഞാനും ഒരു പത്രപ്രവർത്തകനായിരുന്നു" എന്ന്. ഇപ്പോഴും മാധ്യമങ്ങൾ പലതുണ്ട്. ദൃശ്യമാധ്യമങ്ങളുണ്ട്, പത്രങ്ങളുണ്ട്. എന്റെ കയ്യിൽ ഇരിക്കുന്നത് രാഷ്ട്രദീപിക പത്രമാണ്. അതിനകത്ത് ഒരു പടമുണ്ട്. സംഭവം നടക്കുമ്പോൾ ഒരു പോലീസുകാരൻ (ഞാനിത് സംസാരിച്ചു കഴിയുമ്പോൾ അങ്ങേയ്ക്ക് കൊടുത്തയയ്ക്കാം) പുറകിൽ, അടി നടക്കുകയാണ്, ആ പോലീസുകാരൻ ഒന്നും അറിഞ്ഞില്ല എന്നു പറഞ്ഞ് തിരിഞ്ഞ് ഇങ്ങോട്ട് നോക്കി നിൽക്കുകയാണ്. ഇങ്ങനെയുള്ള പോലീസിനെ വച്ചാണോ നടക്കുന്നത്? അതോ പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ടോ? എസ്.എഫ്.ഐ. കുട്ടികളാണ് വന്നിരിക്കുന്നത്. അതുകൊണ്ട് നിങ്ങളെല്ലാം ഇങ്ങോട്ട് തിരിഞ്ഞ് നിൽക്കണമെന്ന്. അങ്ങനെ നിർദ്ദേശം കൊടുത്തിട്ടുണ്ടോ? അങ്ങ് പറയണം. എന്റെ കയ്യിലിരിക്കുന്നത് പത്രത്തിൽ വന്ന പടമാണ്.

മി. സ്പീക്കർ : അത് ശ്രീ. വിജയകുമാർ കാണിച്ചു.

ശ്രീ. ടി.എം. ജേക്കബ് : ഇത് അതല്ല. അദ്ദേഹം കാണിച്ചത് എടുത്തെറിയുന്ന പടമാണ്. അതല്ല ഞാൻ കാണിച്ചത്. അവിടെ അടി നടക്കുന്നു ഒരു പോലീസുകാരൻ പിൻ തിരിഞ്ഞു നിൽക്കുകയാണ്. ഇതാണോ പോലീസിന്റെ ജോലി? അപ്പോൾ കൊലപാതകം നടന്നാലും പോലീസുകാരൻ തിരിഞ്ഞു നിൽക്കുമോ?

ശ്രീ. പി.സി. ജോർജ് : ഓടും.

ശ്രീ. ടി.എം. ജേക്കബ് : ഓ ഓടും. അതാണ് ജോർജേ പുതിയ പോലീസ് നയം. നല്ല കാര്യം. അങ്ങനെ നടക്കട്ടെ. അതുകൊണ്ട് ഇവിടെ നടന്ന ഈ സംഭവത്തെ സംബന്ധിച്ച്..... ഞാൻ ഒരൊറ്റ പോയിന്റ് കൂടി മാത്രമേ പറയുന്നുള്ളൂ. മുഖ്യമന്ത്രി മറുപടി പറഞ്ഞതിനകത്ത് ഒരു കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്. അങ്ങ് പറഞ്ഞല്ലോ കുട്ടികളുടെ ഭാവിയെക്കുറിച്ച്. പരീക്ഷ നടത്തിപ്പിനെക്കുറിച്ചും പറഞ്ഞു. മുഖ്യമന്ത്രി അങ്ങേയ്ക്ക് മക്കളും കൊച്ചു മക്കളുമൊക്കെയുണ്ട്. നല്ല കാര്യം. അങ്ങേയ്ക്ക് ഇപ്പോഴെങ്കിലും വിദ്യാർത്ഥികളുടെ ഭാവിയെക്കുറിച്ച് ഇത്രയും ഒരു ചിന്ത വന്നതിൽ ഏറ്റവും കൂടുതൽ മനസ്സുകൊണ്ട് സന്തോഷിക്കുന്ന ഒരാളാണ് ഞാൻ. അങ്ങയുടെ നേതൃത്വത്തിൽ പഴയ കേരള നിയമസഭയിൽ അരങ്ങേറിയ ഒരുപാട്

LIBRARY ARCHIVES Kerala Legislative Assembly

നാടകങ്ങൾ ഞങ്ങളൊക്കെ കണ്ടതാണ്. അന്ന് പിള്ളേരുടെ ഭാവി നശിപ്പിച്ചു കൊണ്ട് അവരുടെ നോമിനൽ റോൾ കക്കൂസിന്റെ സെപ്റ്റിക് ടാങ്കിനകത്ത് കുത്തിക്കയറ്റിയ ആളുകൾക്കെതിരെ നടപടി സ്വീകരിക്കാൻ പോയപ്പോൾ ഞങ്ങൾക്കെതിരെ തിരിഞ്ഞ ആളുകളാണ് അന്നത്തെ പ്രതിപക്ഷത്തുള്ള ആളുകൾ. അന്നത്തെ പ്രതിപക്ഷനേതാവാണ് ഇപ്പോഴത്തെ മുഖ്യമന്ത്രി. ഞാനത് ഓർമ്മിപ്പിച്ചു എന്നു മാത്രമേയുള്ളൂ. പഴയ കഥകൾ പലർക്കും അരോചകമായി തോന്നും. പക്ഷേ ഓർമ്മിപ്പിക്കേണ്ട ജോലി ഞങ്ങൾക്കുണ്ടല്ലോ. അതു കൊണ്ടാണല്ലോ പറയുന്നത്. 1980-ലെ കാര്യം -പാവം സുന്ദരം സ്വാമി. ബ്രാഹ്മണ ശാപം ഭയങ്കരശാപമാണ് മുഖ്യമന്ത്രി. ഞാൻ അങ്ങനെ കേട്ടിട്ടുണ്ട്. സ്വാമി ഇപ്പോൾ ഈ സഭയിൽ ഇല്ല. പക്ഷേ അദ്ദേഹം പാലക്കാട് ഇരുന്ന് ശപിച്ചാൽ മുഖ്യമന്ത്രി കേൾക്കും. ആ പാവത്തിനെ വെറുതെ തുണി പൊക്കി കാണിച്ചു എന്നു പറയരുത്. മഹാ മോശമാണ്. എന്താണെങ്കിലും അങ്ങ് പറഞ്ഞ ഒരു കാര്യം, വിദ്യാഭ്യാസമന്ത്രി ഇവിടെ ഇരുപ്പുണ്ട്, യൂണിവേഴ്സിറ്റിയിൽ നടക്കുന്ന ഇത്തരത്തിലുള്ള മര്യാദകേടുകൾക്കും, പിൻവാതിൽ നിയമനങ്ങൾക്കുമെതിരെ ഗവണ്മെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ : അതൊക്കെ പോയി. ആ സ്റ്റേജിൽ അല്ല ഇപ്പോൾ...

ശ്രീ. ടി.എം. ജേക്കബ് : പോലീസിനെ നിർവീര്യമാക്കി അവരെ കയ്യും കെട്ടി നോക്കി നിർത്തി ഇവിടെ ഭരണകക്ഷി യൂണിയൻ, ഭരണകക്ഷി എന്ന് ഞാൻ മുഴുവനായി പറയുന്നില്ല. മാർക്സിസ്റ്റ് യൂണിയനിൽപ്പെടുന്നവർക്ക് എന്തും ചെയ്യാനുള്ള അവസരം ഒരുക്കി കൊടുത്ത, വളരെ ഗുരുതരമായ ഈ പ്രശ്നം സഭാതലത്തിൽ ചർച്ച ചെയ്യാൻ വൈമുഖ്യം കാണിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ച് ഈ വാക്കൗട്ടിൽ ഞങ്ങളും പങ്കുചേരുന്നു.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ടു പുറത്തുപോയി.)

(സഭവിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പ സമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

മി. സ്പീക്കർ : റൂൾ 62 .....ശ്രീ. പി.പി. സുലൈമാൻ റാവുത്തർ.....

III. ശ്രദ്ധക്ഷണിക്കൽ

(1) 1977 ജനുവരി 1-ാം തീയതിക്കു മുമ്പുള്ള കുടിയേറ്റ കർഷകർക്ക് പട്ടയം നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, കേരളത്തിലെ മലയോരങ്ങളിൽ വർഷങ്ങളായി കൃഷിചെയ്ത് ഉപജീവനം നടത്തുന്ന മലയോര കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലേക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. നാലു പതിറ്റാണ്ടുകളായി ഭൂമി കൈവശംവച്ച് കൃഷി ചെയ്യുന്ന കർഷകർക്കുപോലും പട്ടയം ലഭിക്കാത്ത സാഹചര്യമാണുള്ളത്. പട്ടയം ലഭിക്കാത്തതുമൂലം തങ്ങളുടെ കൈവശമുള്ള ഭൂമി പണയപ്പെടുത്തി ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് പണം കടം എടുത്ത് കൃഷി വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അവർക്ക് കഴിയുന്നില്ല. മലയോര കർഷകരെ കയ്യേറ്റക്കാരും കുറ്റവാളികളുമായി ചിത്രീകരിക്കുന്നതിനായി നഗരവാസികൾ അടങ്ങുന്ന പരിഷ്കൃത സമൂഹം പലപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly